## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4816 01.07.2013 ൽ മറുപടിയ്ക്ക്

### ക്വാറികളിലെ ആവാസ വ്യവസ്ഥ പുനസ്ഥാപിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപയോഗശൂന്യമായി കിടക്കുന്ന ക്വാറികളിലെ ആവാസ വ്യവസ്ഥ പുനസ്ഥാപിക്കുന്നതിന് ബയോ ഡൈവേഴ്സിറ്റി ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പാറ ഖനനം, പുന:സ്ഥാപിക്കാനാകാത്ത പാരിസ്ഥിതികനാശം ഉണ്ടാക്കുന്നതാണ്. എന്നാൽ അവശേഷിക്കുന്ന പാറക്കുഴികൾ പ്രയോജനപ്പെടുത്തി, സാദ്ധ്യമായ ആവാസ വ്യവസ്ഥ പുന:സ്ഥാപിക്കാൻ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) എറണാകുളം ജില്ലയിൽ കാക്കനാട്ട് അമ്പലപ്പാറ ക്വാറിയും പേരൂർക്കടയിൽ അടുപ്പുകൂട്ടാൻ പാറയുമാണ് ആദ്യമായി തെരഞ്ഞെടുത്തിരിക്കുന്നത്.പാരിസ്ഥിതികവും ജൈവപരവുമായി സാദ്ധ്യമായ പുനരുപയോഗവും കുടിവെള്ള സ്രോതസ്സാക്കി മാറ്റുകയുമാണ് അമ്പലപ്പാറ ക്വാറിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) ക്വാറികളിലെ ജലം ശുദ്ധമാക്കി കുടിവെള്ളമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ; | (സി) അമ്പലപ്പാറ ക്വാറിയിലെ ജലം ശുദ്ധമാക്കി കുടിവെള്ളമായി വിതരണം ചെയ്യുന്നതിനുള്ള ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഏതെല്ലാം ഏജൻസികളെയാണ് ഇതിനായി സഹകരിപ്പിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി മുഖേനയാണ് അമ്പലപ്പാറ പദ്ധതി നടപ്പാക്കുന്നത്.<br>മറ്റു പദ്ധതികൾ പരിഗണനയിലാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

2